**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കെയർ സെന്ററുകളിൽ ആംബുലൻസ് സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സി.എഫ്.എൽ.ടി.സി.കളിലും ഡോമിസീലിയറി കെയർ സെന്ററുകളിലും കോവിഡ് ചികിത്സയ്ക്കായി എത്തുന്നവരുടെ സേവനത്തിനായി ആംബുലൻസ് സൗകര്യം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സി.എഫ്.എൽ.ടി.സികളിലും ഡോമിസീലിയറി കെയർ സെന്ററുകളിലും അതാത് ജില്ലാ ഭരണാധികാരികളുടെ അപേക്ഷ പ്രകാരം കനിവ് -108 ആംബുലൻസുകൾ വിന്യസിച്ചിട്ടുണ്ട്. ജില്ലാ കോവിഡ് സെല്ലിൽ നിന്നും ലഭിക്കുന്ന നിർദ്ദേശം അനുസരിച്ച് പ്രസ്തുത വാഹനങ്ങൾ കോവിഡ് രോഗികൾക്ക് സേവനം നൽകി വരുന്നുണ്ട്. |
| (ബി) | യഥാസമയം ആംബുലൻസ് സേവനം ലഭിക്കാത്തതിനാൽ രോഗികളെ ബൈക്കിലും മറ്റും ആശുപത്രികളിൽ എത്തിക്കേണ്ടി വരുന്നതായി സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് വാർത്തകൾ വരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് നടപടി എടുക്കുമോ എന്ന് വിശദമാക്കാമോ? | (ബി) | കോവിഡ് രോഗികൾക്കുള്ള ആംബുലൻസുകളുടെ സേവനം ജില്ലാ കോവിഡ് സെൽ മുഖാന്തിരമോ കനിവ്-108 ൻറെ ടോൾ ഫ്രീ നമ്പർ മുഖാന്തിരമോ ആവശ്യപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ